**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2161** **05-02-2026 - ൽ മറുപടിയ്ക്ക്**

**നവകേരളം പദ്ധതിക്ക് വകയിരുത്തിയ തുക**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</td><td colspan="2">ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)</td></tr>
<tr><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിവിധ നവകേരളം പദ്ധതികൾക്കായി ഓരോ സാമ്പത്തിക വർഷവും ബജറ്റിൽ വകയിരുത്തിയ തുക എത്രയാണെന്നും എത്ര രൂപ ഓരോ പദ്ധതിയിലും ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;</td><td>(എ)</td><td>2023-ലെ നവകേരള സദസ്സിന്റെ ഭാഗമായി നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ രൂപം നൽകുന്ന പ്രോജക്ടുകൾക്കായി 1000 കോടി രൂപ ചെലവഴിക്കുമെന്ന് 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. തുടർന്ന് 140 നിയോജക മണ്ഡലങ്ങളിലായി പരമാവധി 2 പദ്ധതികൾ വീതം നിലവിൽ 228 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു. ₹980.25 കോടി രൂപയാണ് ഇതിനുവേണ്ടി വകയിരുത്തിയിരിക്കുന്നത്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നവകേരളം കർമ്മപദ്ധതി-II ഹരിത കേരളം മിഷനിൽ ഓരോ സാമ്പത്തിക വർഷവും അനുവദിച്ച ബഡ്ജറ്റ് തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>Finanicial Year</th><th>Total Allotment<br><br>(Rs.in lakhs)</th><th>Expenditure<br><br>(Rs.in lakhs)</th></tr>
<tr><td>2021-22</td><td>700</td><td>700</td></tr>
<tr><td>2022-23</td><td>780</td><td>780</td></tr>
<tr><td>2023-24</td><td>1000</td><td>1000</td></tr>
<tr><td>2024-25</td><td>1120</td><td>1120</td></tr>
<tr><td>2025-26</td><td>1277</td><td>02.02.2026 വരെ 1034.8 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്</td></tr>
<tr><td>Total</td><td>4877</td><td></td></tr>
</table></td></tr>
<tr><td>(ബി)</td><td>ബജറ്റ് വിഹിതം വിനിയോഗിക്കുന്നതിൽ എന്തെങ്കിലും തരത്തിലുള്ള കാലതാമസം നേരിട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ</td><td>(ബി)</td><td>ബജറ്റ് വിഹിതം വിനിയോഗിക്കുന്നതിൽ ഒരു തരത്തിലുള്ള കാലതാമസവും നേരിട്ടിട്ടില്ല.</td></tr>
</table>

| | | | |
|---|---|---|---|
| | എന്താണെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ